Santhigiri

# ഉണ്മിനിതകം

VOL 05 | ISSUE 25 | 2019 ജൂൺ 23 | 1194 മിഥുനം 08

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

"ദൈവത്തിൽ നിന്ന് അറിവ് നേടാൻ സദാ നമ്മൾ തയ്യാറായിരിക്കണം. വഴിയിൽക്കിടക്കുന്ന ചവറുപോലുള്ള ചിന്ത മനസ്സിൽ കയറാൻ അനുവദിക്കരുത്."



ശാന്തിഗിരി ആശ്രമത്തിൽ നടന്ന അന്തർദേശീയ യോഗ ദിനാചരണം പ്രാർത്ഥനയോടെ ആരംഭിക്കുന്നു

## ശാന്തിഗിരിയിൽ യോഗാദിനം ആചരിച്ചു

**സ്പിരിചൽ സോൺ :** ശാന്തിഗിരി ആശ്രമത്തിൽ അന്തർദ്ദേശീയ യോഗാദിനത്തോടനുബന്ധിച്ച് യോഗാദിനാചരണം നടന്നു. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ, ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ, ശാന്തിഗിരി സിദ്ധമെഡിക്കൽകോളേജ്, ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററിസ്കൂൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് യോഗദിനം സംഘടിപ്പിച്ചത്. ജൂൺ 21ന് ആശ്രമം സ്പിരിചൽ സോൺ കോൺഫറൻസ് ഹാളിൽ നടന്ന യോഗാദിനാചരണം സംസ്ഥാന വനിതാകമ്മിഷൻ അംഗം ഡോ. ഷാഹിദ കമാൽ ഉദ്ഘാടനം ചെയ്തു. ഇന്നത്തെ സാമൂഹിക ചുറ്റുപാടിൽ മനുഷ്യന്റെ മനസ്സ് സംഘർഷഭരിതമാണ്. കാമക്രോധങ്ങൾ മുഖാന്തിരം നിരവധി അക്രമങ്ങളാണ് ദിനംപ്രതി നാം വാർത്തകളിലൂടെ കാണുകയും കേൾക്കുകയും ചെയ്യുന്നത്. മനുഷ്യനെ ശാരീരികവും മാനസികവും ആത്മീയവുമായ ഉന്നതിയിലേക്ക് നയിക്കുക എന്ന സദുദ്ദേശമാണ് യോഗയിലൂടെ പ്രാവർത്തികമാക്കുന്നത് എന്നും ഉദ്ഘാടനപ്രഭാഷണത്തിൽ ഡോ. ഷാഹിദ കമാൽ പറഞ്ഞു.വനിതാകമ്മീഷൻ അംഗമെന്ന നിലയിൽ ദിനംപ്രതി മുന്നിലെത്തുന്ന പ്രശ്നങ്ങളിലധികവും മനസ്സ് നിയന്ത്രിക്കുന്നതിനും സ്വയം നിന്ത്രിക്കുന്നതിനും മനുഷ്യന് കഴിയാത്തതിനാലുണ്ടാകാവുന്ന പ്രശ്നങ്ങളിലൂടെ വരുന്നതാണ് എന്ന് മനസ്സിലാക്കുന്നതായും, മനുഷ്യന്റെ വർദ്ധിച്ചു വരുന്ന മാനസിക പിരിമുറുക്കത്തിന് അയവ് ഉണ്ടാക്കാൻ യോഗാസനങ്ങൾ പരിശീലിക്കുന്നതിലൂടെ സഹായിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നതായും അവർ പറഞ്ഞു.

ശാന്തിഗിരി ആർട്സ് ആൻറ് കൾച്ചർ സീനിയർ അഡ്വൈസർ ഡോ. റ്റി.എസ്. സോമനാഥൻ അദ്ധ്യക്ഷനായിരുന്നു. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി മഹനീയസാന്നിധ്യം വഹിച്ചു. മാണിക്കൽ ഗ്രാമപഞ്ചായത്ത് അംഗം ആർ. സഹീറത്ത് ബീവി സംസാരിച്ചു. ചടങ്ങിൽ ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ മാസ്റ്റർ എൻ. ശ്രുതി ദൈനംദിനജീവിതത്തിൽ ശീലിക്കാവുന്ന ലളിതമായ യോഗാസനങ്ങൾ പരിശീലിപ്പിച്ചു. ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ മെഡിക്കൽ സൂപ്രണ്ട് ഡോ. ബി.രാജ്കുമാർ സ്വാഗതവും ശാന്തിഗിരി യോഗ ഇൻസ്റ്റിറ്റ്യൂട്ട് അഡീഷണൽ ജനറൽ മാനേജർ പി.പി.ബാബു നന്ദിയും പറഞ്ഞു.

## ശാന്തിഗിരി കർക്കിടക കഞ്ഞി വിപണിയിൽ



**ഹെൽത്ത്കെയർ സോൺ :** ശരീരത്തിനും മനസ്സിനും ആരോഗ്യവും ഊർജ്ജ്വസ്വലതയും പ്രദാനം ചെയ്യാൻ ഉപകരിക്കുന്ന ഔഷധക്കഞ്ഞി മിശ്രിതമായ ശാന്തിഗിരി കർക്കിടക കഞ്ഞി വിപണിയിലെത്തി. ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല തയ്യാറാക്കിയ കർക്കിടക കഞ്ഞി തിരക്കേറിയതും അശാസ്ത്രീയവുമായ ദൈനംദിനചര്യ മൂലം അസ്വസ്ഥത നിറഞ്ഞ ശരീരത്തിന് ശുദ്ധിവരുത്താനും ത്രിദോഷങ്ങളെ സമനിലയിലാക്കുന്നതിനും സഹായിക്കുന്നു. കേരളത്തിലെ കാലാവസ്ഥയ്ക്കനുസരിച്ച് കർക്കിടകമാസം സ്വസ്ഥവൃത്ത ചികിത്സക്കും പഥ്യാഹാര നിഷ്കർഷയ്ക്കും പ്രാധാന്യമർഹിക്കുന്ന സമയമാണ്. സ്വസ്ഥവൃത്ത ചികിത്സയായ പഞ്ചകർമ്മ ക്രിയാക്രമങ്ങൾക്ക് സൗകര്യം ലഭിക്കാത്തവർക്കുപോലും വീട്ടിൽ നിഷ്പ്രയാസം തയ്യാറാക്കി ഉപയോഗിക്കാവുന്ന ഔഷധക്കഞ്ഞി സൗകര്യപ്രദമായ കിറ്റിൽ ലഭ്യമാണ്. ഞവരയരി, സൂചിഗോതമ്പ്, ചെറുപയർ, ഉലുവ ഇവ പ്രത്യേക അനുപാതത്തിൽ ചേർത്തിട്ടുള്ള കഞ്ഞിമിശ്രിതവും പെരുംജീരകം, ജീരകം, കരിംജീരകം, ശതകുപ്പ, മല്ലി, ജാതിക്ക തുടങ്ങിയ അങ്ങാടിമരുന്നുകൾ ഉണക്കിപ്പൊടിച്ച് പ്രത്യേക പാക്കറ്റുകളിലടങ്ങിയ പൊടിമരുന്നുകളും അടങ്ങിയതാണ് കർക്കിടക കഞ്ഞി കിറ്റ്. വില:190 രൂപ.



സഹകരണമന്ദിരത്തിൽ നടന്ന 250-ാമത് തട്ടസമർപ്പണം



ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ നടത്തിയ പരിശീലനം

## 250-ാമത് തട്ടസമർപ്പണം നടന്നു

**സ്പിരിചൽ സോൺ :** ശാന്തിഗിരി ആശ്രമത്തിൽ പൗർണ്ണമി ദിനത്തിൽ 250-ാമത് തട്ടസമർപ്പണം പ്രാർത്ഥനയോടെ നടന്നു. രാത്രി ഒൻപതിനുള്ള ആരാധനക്ക് ശേഷമാണ് തട്ടസമർപ്പണം നടന്നത്.സഹകരണമന്ദിരത്തിൽ നടന്ന തട്ടസമർപ്പണ ചടങ്ങിന് സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി നേതൃത്വം നൽകി. തട്ടസമർപ്പണത്തിന്റെ തുടക്കത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ഗുരുവിന് നടത്തുന്ന സമർപ്പണകർമ്മങ്ങളിലൂടെ ശിഷ്യന് ലഭിക്കുന്ന നന്മയെക്കുറിച്ചും പർണ്ണശാലയുടെനിർമ്മാണകാലഘട്ടങ്ങളിൽ വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് ആത്മബന്ധുക്കളുടെ സമർപ്പണങ്ങൾ ദാനമായി ലഭിച്ച അനുഭവങ്ങളെക്കുറിച്ചും സ്വാമി സംസാരിച്ചു. താമരപർണ്ണശാലയുടെ പ്രവർത്തനത്തോടനുബന്ധിച്ചാണ് തട്ടസമർപ്പണത്തിന് ആരംഭമായത്. എം.പി.പ്രമോദ് ഗുരുവാണി വായിച്ചു. പി.പി.ബാബു തട്ടസമർപ്പണാനുഭവങ്ങൾ വിശദീകരിച്ചു. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സമർപ്പണ ചടങ്ങിൽ നൂറുകണക്കിന് ആത്മബന്ധുക്കൾ പങ്കെടുത്തു.

# ഗുരുവാണി

കലിയിൽ ദേവനു സ്ഥാനമില്ല. കലിയിൽ ഗുരുവിനാണു സ്ഥാനം. ഈ സത്യം എത്രയെത്ര മഹാത്മാക്കൾ വന്നു പറഞ്ഞു! ആദ്യം മോസസ്സ് വന്നു. ദൈവത്തിൽ നിന്നു കിട്ടിയ വാക്കാണു താൻ പറയുന്നതെന്നു പറഞ്ഞപ്പോൾ ലോകം അദ്ദേഹത്തെ കളിയാക്കി. രണ്ടായിരം കൊല്ലം കഴിഞ്ഞ് യേശു വന്നു. അദ്ദേഹത്തെ ക്രൂശിച്ചപ്പോൾ വിശ്വസിച്ചവനു തന്റെ രൂപം കാണിച്ചുകൊടുത്തു. മുക്കുവൻമാരായിരുന്നിട്ടും കടുത്ത ശിക്ഷകൾ ഏൽക്കേണ്ടിവന്നിട്ടും അവർ വാശിയോടെ പ്രവർത്തിച്ചു. പ്രവർത്തിച്ചവർ ഇരട്ടിക്കിരട്ടി വർദ്ധിച്ചു. അവരുടെ ത്യാഗത്തിന്റെ മുൻപിൽ യഹൂദൻമാർ തളർന്നുപോയി. ഇന്നുമുണ്ട് ക്രിസ്ത്യാനികൾക്ക് ആ പാരമ്പര്യം. ലോകത്തിന്റെ ഭരണകൂടം സ്ഥാപിക്കാൻ അവർക്കു കഴിഞ്ഞു. അക്കൂട്ടത്തിൽ ഭാരതത്തിലും വന്ന് അവർ ഒരുപകാരം ചെയ്തു. മാടൻ മത്തായി ആയാൽ പെരുവഴിയേ നടക്കാമെന്നായി. പാശ്ചാത്യന്റെ നല്ലതും ചീത്തയും ഒരുപോലെ നാം വിഴുങ്ങി. എല്ലാ നിലയിലും നാമവരെ അനുകരിക്കുന്നു. അവനു ശാന്തികിട്ടാതെ ഇവിടെ വന്നു മുടിവളർത്തിയപ്പോൾ ഇവിടത്തെ എല്ലാ ബീഡിചുരുട്ടുകാരനും വള്ളക്കാരനും മുടിവളർത്താൻ തുടങ്ങി.

നമ്മുടെ രാജ്യത്തിന് ഇത്തരമൊരു ഗതികേടു വന്നത് നമ്മുടെ അമ്മമാർ അറിവില്ലാത്തവരായിപ്പോയതു കൊണ്ടാണ്. നമ്മുടെ പിതൃവിനു ശുദ്ധിയില്ല. പിതൃ ഏതു രാശിയിൽ നിൽക്കുന്നുവോ, അതിനനുസരിച്ചേ കുടുംബത്തിൽ കുട്ടികൾ ജനിക്കൂ. പിതൃശുദ്ധിവരുത്തിയ കുടുംബത്തിൽ ബുദ്ധിശക്തിയും യുക്തിയുമുള്ള കുട്ടികൾ ജനിക്കും. ആ രംഗത്ത് ബ്രാഹ്മണർ എന്നും മുന്നിൽത്തന്നെ. ശൂദ്രപരമ്പര മൊത്തം കള്ളുകുടിയൻമാരുടെതായിപ്പോയി. അറിവുള്ളവനായാലും അവൻ തലതിരിഞ്ഞവനായിരിക്കും. ബ്രാഹ്മണൻ, പക്ഷേ, മറ്റൊരു കുരുക്കു ചെയ്തു; മൂന്നെണ്ണം സംബന്ധം, ഒന്നു വേളി. ബ്രാഹ്മണന്റെ വീട്ടിലേത് വേളി. മറ്റെല്ലാം സംബന്ധം. അവൻ ചെയ്യുന്ന ഒരു കർമ്മം പൂർത്തിയാകണമെങ്കിൽ വേളികഴിച്ച പെണ്ണുവേണം. അഥവാ ഇല്ലാതെ വന്നാൽ യോനീമുദ്ര കാണിച്ചു തന്ത്രം ചെയ്തു വയ്ക്കും. അവന്റെ മന്ത്രത്തിലും തന്ത്രത്തിലും നമ്മൾ തൃപ്തരാണല്ലോ. ഈ നിലയിൽ അധഃപതിച്ച ഒരു പരമ്പരയിൽ എന്തറിവു പകരാൻ കഴിയും?

പിതൃശുദ്ധി അതിന്റെ കർമപൂർത്തിയിൽ ചെയ്തിട്ടുള്ള ഒരാചാര്യനും വന്നിട്ടില്ല. ശങ്കരാചാര്യർ വൈദികംചെയ്തു. ബുദ്ധൻപോലും പറഞ്ഞത്, വിശ്വസിച്ചാൽമതി എല്ലാം മാറുമെന്നാണ്. ബുദ്ധന്റെ സ്ഥാനത്തെത്തിയ പിതൃക്കൾ പോലും ധാരാളമുണ്ടെന്നു നാം അറിയണം. എല്ലാ സൂക്ഷ്മമണ്ഡലങ്ങളിലും പിതൃക്കൾ (അന്തർയാമികൾ) നിറഞ്ഞു നിൽക്കുന്നു. ഈ അന്തർയാമികൾ തന്നെയാണ് യേശുവിനെ കൊന്നത്. ആ സ്ഥാനത്ത് 'പിതൃ' ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ഉയർന്നുവന്നിട്ടുള്ള എല്ലാ ആചാര്യൻമാരുടേയും സ്ഥാനം പിതൃക്കൾ അടക്കി വാഴുന്നു.

ബുദ്ധൻ കണ്ട പ്രകാശം, ഖുറാനിൽ പറഞ്ഞിരിക്കുന്ന പ്രകാശകിരണം, ക്രിസ്ത്യാനികളുടെ ഭാഷയിലെ തീനാക്ക് - അങ്ങനെ ഏതെല്ലാം മതങ്ങൾ ആ ചൈതന്യത്തെ എങ്ങനെയെല്ലാം വിശേഷിപ്പിച്ചിട്ടുണ്ടോ, അതെല്ലാം ഇവിടെയുണ്ട്. ഇവിടത്തെ കുട്ടികൾ ഈ എല്ലാ പ്രകാരത്തിലും ആ ചൈതന്യശക്തിയെ കാണുന്നു. ഇതുവരെ ആരും പൂർണശുദ്ധിയോടെ ചെയ്തിട്ടില്ലാത്ത പിതൃശുദ്ധി ഇവിടെ ചെയ്യുന്നുണ്ട്. എല്ലാ പിതൃക്കളെയും പിടിച്ച് ഗുരുപ്രകാശത്തിൽ അണയ്ക്കുന്ന കർമമാണിവിടെ നിർവഹിക്കുന്നത്. ഇവിടെ പിതൃശുദ്ധിചെയ്താൽ പിന്നെ നിങ്ങൾക്കു പിതൃവില്ല, പിതൃവിന്റെ ശാപവുമില്ല. പിന്നെ നിങ്ങൾ നോക്കേണ്ടത് പരമ്പരയെ എങ്ങനെ വളർത്താം എന്നാണ്. ഇന്നു നിങ്ങൾ ചെയ്യുന്നതിന്റെ ഫലം ഉതകുന്നത് ഇരുപത്തഞ്ചു വർഷങ്ങൾ കഴിയുമ്പോഴാണ്.

നമ്മൾ ഒന്നിനെയും നിഷേധിക്കുന്നില്ല. ഓരോന്നും അതാതിന്റെ വലിപ്പത്തോളം ശരി. പക്ഷെ, ഇന്ന് നമുക്കെന്താണ് അനുപേക്ഷണീയം? നമ്മുടെ കുടുംബങ്ങളിൽ സത്സന്താനങ്ങൾ ജനിക്കണം. നാം എന്തിനുവേണ്ടിയാണോ പരക്കം പായുന്നത്, അതു സ്വയം നിവർത്തിച്ചെടുക്കാനുള്ള അറിവ് നമ്മുടെ സന്താനങ്ങൾക്കുണ്ടാകണം. നിങ്ങളുടെ വീട്ടിൽ നല്ല കർമയോഗികളും ജ്ഞാനികളും സന്ന്യാസിമാരും ഉണ്ടാകണം. അങ്ങനെയൊരു ഉൽകൃഷ്ടസൃഷ്ടിക്കു നിദാനമായിരിക്കുന്ന നിങ്ങൾക്ക് ആശ്രമത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരിക്കണം.

## വചനദീപ്തി

*ഈശ്വരൻ തന്നെ ഗുരുസ്വരൂപത്തിൽ വന്ന്*
*തന്റെ സാന്നിധ്യത്താലും ഉപദേശത്താലും*
*ജീവനു സത്യം ബോധിപ്പിക്കുന്നു.*

**ശ്രീരമണമഹർഷി**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

28.06.2019 –ആനന്ദപുരം

## യാമപ്രാർത്ഥന

2019 ജൂൺ 27 :– 09 AM- 12 PM

## ജന്മഗൃഹതീർത്ഥയാത്ര

2019 ജൂലൈ 11, വ്യാഴം

**പ്രകാശപഥം**

# കർമശേഷിത്വത്തിന്റെ വിത്തുവിതയ്ക്കുന്ന ശാന്തിയുടെ മന്ത്രം

കർമശേഷിത്വത്തിന്റെ വിത്തു വിതയ്ക്കുന്ന ശാന്തിയുടെ മന്ത്രം കഴിഞ്ഞുപോയ ആഗമസിദ്ധാന്തങ്ങളും അതിൽ വരുന്ന നന്മതിന്മയും അറിഞ്ഞ് എടുക്കാൻ സനാതനത്തിന്റെ സ്വഭാവത്തിൽ നിന്നുകൊണ്ട് പ്രവർത്തിച്ചു ഒതുക്കുന്ന അനേകതരത്തിലുള്ള ജീവിതപൊരുളുകളുടെ ദീർഘകാലപ്രയത്നവും ഗുരുക്കന്മാരുടെ നോവും തപശ്ചര്യയും നമ്മളോരോരുത്തരും അറിഞ്ഞും അറിയാതെയും മറ്റും ഗതികേടിലേക്കു വീഴുന്ന ധർമമില്ലാത്ത കർമത്തിന്റെ ചുഴികളിൽ വീണ് നട്ടം ചുറ്റുന്ന ഒരു കർമഗതിയായി പിൻതുടരുന്നു. കരുണയുടെ ലവലേശംപോലും തീണ്ടാത്ത മനസ്സുകളിൽ ദൈവസ്നേഹം പ്രകൃതിയുടെ ജാഗ്രതയിൽ ഒഴുകുമ്പോൾ ഒന്നിനെയും ബഹുമാനിക്കാതെ ഒരുകൂട്ടം, ബഹുമാനിക്കുന്ന ഒരുകൂട്ടം, നിസ്സാരമായി കാണുന്ന ഒരുകൂട്ടം, എല്ലാറ്റിനെയും എല്ലാമായി കാണുന്ന ഒരുകൂട്ടം, അങ്ങനെ അങ്ങനെ അതാതിന്റെ സ്വഭാവത്തിൽ ഗുണമേന്മയറിയാതെ വഴുതിവീഴുന്ന ചര്യകളിൽ ഉള്ള ജീവിതം.

അപ്പൂപ്പൻതാടിയും മിന്നാമിനുങ്ങും എണ്ണമറ്റ അണ്ഡകടാഹങ്ങളുടെ ക്രമമായ ജീവിതചര്യയും ഒരുവശത്ത് കാണാം. മനോഹരമായി പീലി വിടർത്തി നൃത്തം വെയ്ക്കുന്ന മയിൽ ചിതലിനെ കൊത്തിത്തിന്നുന്നു. കർമഗതികളുടെ നിമിത്തവഴികളിൽ ഓരോന്നിലും കാരണം കാര്യമായി നിൽക്കുന്ന കാര്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ഇറങ്ങിച്ചെന്നു പ്രവർത്തിക്കുമ്പോൾ കാലഗണനയെപ്പറ്റി ചിന്തിച്ചോ ചിന്തിക്കാതെയോ വഴിമുട്ടി നിൽക്കുന്ന അനേക സംജ്ഞകൾ രൂപാന്തരപ്പെട്ടു നിൽക്കുന്നു.ഇതിൽക്കൂടി അറിഞ്ഞോ അറിയാതെയോ കർമഗതികളുടെ നൂലാമാലകളിൽപ്പെട്ട് ചിലന്തിക്കൂടുകളിൽ പെടുന്ന മനുഷ്യജന്മങ്ങളുടെ ഭൂമികകളിൽ നിന്ന് എത്തിനോക്കാൻ പോലും കഴിയാത്ത കർമങ്ങളുടെ രഹസ്യവും രസവാതകപ്രയോഗങ്ങളുടെ സ്വരുക്കൂട്ടലും എല്ലാംതന്നെ ഈ അണ്ഡകടാഹത്തിന്റെ ചലനാത്മകമായ ജീവിതപൊരുളിന്റെ ചിദാകാശത്തിൽ നിന്നും കൃപയാർന്ന് ഒഴുകുന്നു. മൃതസഞ്ജീവനിയിലെ മാത്ര അറിയാതെ, യാമമറിയാതെ, സന്ധ്യ അറിയാതെ അറിവ് വിളമ്പുന്ന ശൂദ്രൻ നാമപ്പൊരുളിന്റെ നിമിഷം നോക്കി നട്ടംതിരിയുന്ന കരകാണാകടലിലെ വെള്ളത്തുള്ളികൾ എണ്ണാൻ നോക്കുന്നത് പോലെ.

“ഒന്നൊന്നായെണ്ണിയെണ്ണിത്തൊ
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലിസ്പന്ദമാകണം”

എന്ന ആ ഒന്നിനെ അന്വേഷിച്ചു പോകുന്ന ജിജ്ഞാസുവിന്റെ മനസ്സും അന്വേഷിച്ച് കണ്ടെത്തി തുറക്കുന്ന മനസ്സും വേദനയുടെ കൂമ്പാരത്തിൽ അനുഭവിച്ചറിയുന്ന അനുഭവത്തിൽ അലതല്ലുന്ന മനസ്സും ആരോടും പങ്കുവെക്കാൻ പറ്റാത്ത അനുഭവപ്പൊരുളായി മാറുന്നു. അതാണ്,

വാക്കാണു സത്യം
സത്യമാണു ഗുരു
ഗുരുവാണു ദൈവം
എന്ന അനുഭവം.

ആ അനുഭവം സ്വയാർജിതമായ കർമശേഷിത്വത്തിന്റെ വിത്ത് വിതയ്ക്കുന്ന ശാന്തിയുടെ മന്ത്രം ശാന്തിഗിരിയായി മാറിയ വേദനയുടെയും തപശ്ചര്യയുടെയും അനുഭൂതിമണ്ഡലമായി മാറുന്നു. അതാണ് സകലവിധ സന്നിധാനങ്ങളും കടന്ന് വരുന്ന ദൈവനിയോഗത്തിന്റെ അനുഭവസിദ്ധാന്തം.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# സമൃദ്ധിയിൽ എന്തിനു സങ്കോചം?

അനന്തനീലാകാശവും ആഴിപ്പരപ്പും പോലെ പ്രാണവായു സൂക്ഷിക്കുന്ന വായുമണ്ഡലവും കാരുണ്യത്തിന്റെ മഹാസമൃദ്ധിയുടെ പ്രതീകഭാവം വഹിക്കുന്നു. അതിനെല്ലം ഉള്ളിലും പുറത്തുമായി വ്യാപരിച്ചുനിൽക്കുന്ന ചൈതന്യധന്യതയാണ് നിത്യതയുടെ സമൃദ്ധി. ഈ സമൃദ്ധി ഒളിതിങ്ങിയും മങ്ങിയും കണ്ടുപോന്ന പുരുഷാന്തരങ്ങളിൽ ചരിത്രം അതിന്റെ സ്ഥിതിവിവരക്കണക്കുകൾ മാത്രം സൂക്ഷിച്ചും ജ്ഞാനം തേടിയ മനസ്സുകൾ കാരണകാര്യങ്ങളുടെ ഉള്ളറകളിലേക്ക് പ്രവേശനം കാംക്ഷിച്ചും അവരുടെ ധ്യാനതപസ്സുകളുടെ നിർവഹണബിന്ദുക്കളിൽ സത്യത്തിന്റെ സ്ഫുരണങ്ങൾ പ്രകാശിച്ചു. എത്തിപ്പെട്ട തലങ്ങളോളം മാത്രമേ സ്ഫുരണങ്ങളും പ്രസക്തങ്ങളാവുകയുള്ളൂ.

കണ്ടതെല്ലാം അന്തിമമെന്നു വിശ്വസിച്ചുവശായ പാണ്ഡിത്യത്തിനു സമാന്തരമായി കാണാത്തതും കാണാനുള്ളതും കണ്ടെത്താനുള്ള ആർഷകൗതുകം ധ്യാനനിരതമായി തുടരുകയുണ്ടായി. അങ്ങനെ ധ്യാനനിരതമായിരുന്ന മനസ്സുകളിൽ വിശേഷജ്ഞാനം പകർന്ന വിചിന്തനങ്ങൾ സ്ഫുരണങ്ങളായി നമുക്കു ലഭിച്ചത് പുരാണേതിഹാസങ്ങളിലും ആത്മീയ ശാസ്ത്രപരിചർച്ചകൾ വഹിക്കുന്ന ഗ്രന്ഥങ്ങളിലും കൂടിയാണ്. ഒറ്റപ്പെട്ട ചിന്തകളും കണ്ടെത്തലുകളും എന്നതിനേക്കാൾ ഗുരുശിഷ്യപാരസ്പര്യത്തിന്റെ ഉദാരതയിൽ ഉദയംകൊണ്ട പ്രശ്നങ്ങളും ഉത്തരങ്ങളും ഉപനിഷദ്സ്വഭാവത്തിൽ സമാർജിച്ച കരുത്തും ഇക്കാര്യത്തിൽ പ്രയോജകീഭവിച്ചിട്ടുണ്ട്! നീതിസാരവാക്യങ്ങൾ ജീവിതത്തിന് സംഭാവനചെയ്ത പെരുമാറ്റച്ചട്ടങ്ങളും ചിട്ടകളും ഈ കണ്ടെത്തലുകളുടെ ഉപോൽപ്പന്നങ്ങളായി. സത്യത്തിന്റെ അനന്തതലങ്ങൾ സാധാരണനിലയിൽ അപ്രാപ്യമെന്നറിഞ്ഞ മഹാത്മാക്കൾ അവർ കണ്ടെത്തിയ തലങ്ങളോളം, അവരവരുടെ പ്രാപ്തങ്ങളോളം, ലോകജനതയെക്കൂടി കൂട്ടാൻ ശ്രമിച്ച സ്നേഹം വലിയ ത്യാഗകഥകളിലൂടെ നാം അറിയുന്നു. വേണ്ടവണ്ണം കണ്ടറിഞ്ഞു മാനിച്ചെടുക്കാനായില്ലെങ്കിൽക്കൂടി മതിപ്പുറ്റ സംജ്ഞകളാൽ ആ വക എല്ലാം വാഴ്ത്തപ്പെട്ട കഥകളായി. മഹത്വം വഹിച്ച വചനങ്ങൾക്കുള്ളിൽ തത്ത്വമുത്തുകൾ പ്രകാശം ചൊരിഞ്ഞ് ഉള്ളിലേക്കു കടന്നെത്താൻ കഴിഞ്ഞു. ധ്യാനമനനചിന്തനങ്ങൾക്ക് അതെല്ലാം അനുഭവസത്യങ്ങളായി. അദ്വിതീയമായ പ്രകാശവസ്തുവിന്റെ കാരുണ്യപൂർണിമയിൽ ഉദയംകൊണ്ട സർഗാത്മകമായ സമൃദ്ധിയിൽ തത്ത്വശാസ്ത്രങ്ങൾ ഉയിർകൊണ്ടു. എന്നാൽ ഈ തത്ത്വശാസ്ത്രങ്ങൾക്ക് അതിർവരമ്പുകൾ കൽപിച്ച് ഘടനാപരമായ വർണവിവേചനം കുത്തിച്ചെലുത്തിയ പാണ്ഡിത്യമൗഢ്യം സമൃദ്ധിക്കെതിരെ സങ്കുചിത വീക്ഷണശൈലികൾ ആവിഷ്കരിച്ചു. ഇതു സാംസ്കാരികവും ആത്മീയവുമായ തലങ്ങളിൽ ദുരിതാനുഭവങ്ങളാണു രേഖപ്പെടുത്തിയത്. ചരിത്രം ഏറെക്കാര്യങ്ങൾ വിസ്മൃതിയിലേക്കു താഴ്ത്തി എങ്കിലും സമൃദ്ധിയിലെന്തിന് സങ്കുചിതത്വവും സങ്കോചവും എന്ന ചോദ്യം എന്നും പ്രസക്തമായിരുന്നു: ഇന്ന് അത് ഏറെ പ്രസക്തമായിരിക്കുന്നു. നവജ്യോതി ശ്രീകരുണാകരഗുരുവിന്റെ ജന്മദൗത്യത്തിലൂടെ പ്രകാശിതമായ ആശയപൗഷ്കല്യം ജീവിത്തിനു ധർമകർമങ്ങളിൽ വർണപ്പൊലിമയും വിശുദ്ധിയും പകരുന്ന സമൃദ്ധിയായി നാം അനുഭവിക്കുന്നു. ഈ അനുഭവതലത്തിൽ നിൽക്കുമ്പോൾത്തന്നെ നാം സങ്കുചിത ചിത്തവൃത്തികളുടെ പുരാതനവാസനാബലത്തിൽ ഉടക്കിപ്പോയ കാൽ വലിച്ചെടുക്കാനാവാതെ കുഴങ്ങുകയല്ലേ? ഇത് സങ്കോചമാണ്, വികാസമല്ല. നമുക്ക് സമൃദ്ധിയിലേക്കുള്ള വികാസമാണ് ലക്ഷ്യം. ഈ സമൃദ്ധി നമ്മുടെ ജന്മാവകാശമാണ്. നമുക്ക് സങ്കുചിതത്വവും സങ്കോചവും വേണ്ട.



വായനാദിനപ്രശ്നോത്തരി വിജയികൾ

# യോഗ ദിനാചരണം



ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ് ഹോസ്പിറ്റൽ



ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ



ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ



ശാന്തിഗിരി ഗുരുകാന്തി



കൊല്ലത്തുനടന്ന യോഗദിനാചരണ റാലി

# വായനാദിന സന്ദേശം പകർന്ന് ശാന്തിഗിരി വിദ്യാഭവൻ

**എജ്യുക്കേഷൻ സോൺ:** വായനയുടെ പുതുലോകത്തേക്ക് പറന്നുയരുവാനുള്ള സന്ദേശം പകർന്ന് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വായനാദിനം ആചരിച്ചു. വായനയുടെ മഹത്വം പകരുന്നതിനുവേണ്ടി കുട്ടികൾ പ്രതിജ്ഞ എടുത്തു. കുട്ടികളിൽ വായനാശീലം പരിപോഷിപ്പിക്കുക, പൊതുവിജ്ഞാനം വളർത്തുക, പത്രവായന പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വായനാദിന പ്രശ്നോത്തരി നടത്തി. പ്രശ്നോത്തരിയിൽ അനഘ ജെ.എസ്. ഒന്നാം സ്ഥാനം കരസ്ഥമാക്കി. നന്മ വിനോദ്, സ്നേഹ മോഹൻ, ഗുരുമിത്ര എസ്. എന്നിവർ രണ്ടാം സ്ഥാനവും ജനലക്ഷ്മി പി. മൂന്നാം സ്ഥാനവും നന്മപ്രിയ ആർ.എസ്., ശിവാനി ജയകുമാർ എന്നിവർ നാലാം സ്ഥാനവും കരസ്ഥമാക്കി. സ്കൂൾ പ്രിൻസിപ്പാൾ സ്വാമി പ്രണവ ശുദ്ധൻ ജ്ഞാനതപസ്വി, ഡെപ്യൂട്ടി അഡ്വൈസർ എ. രാധമ്മ, അദ്ധ്യാപിക ബിന്ദു നന്ദന തുടങ്ങിയവർ നേതൃത്വം നൽകി.



ശാന്തിഗിരി ആശ്രമം രാമക്കൽമേട് ബ്രാഞ്ച് നിർമ്മാണത്തിനു വേണ്ടി കല്ലാർ ബ്രാഞ്ചിൽ നടന്ന തട്ടസമർപ്പണം



ശാന്തിഗിരി ശാന്തിമഹിമ സത്സംഗത്തിൽ എ.ഐ.ഐ.എം.എസ് - എം.ബി.ബി.എസ് വിദ്യാർത്ഥി ശാന്തിലാൽ സംസാരിക്കുന്നു

## ദിവംഗതരായി



കരുണാകരൻ ആർ.

**കൊട്ടാരക്കര :** കുഴിമതിക്കാട് വളവൂർക്കോണം ശാന്തത്തിൽ കരുണാകരൻ ആർ. (94) ജൂൺ 15ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: ദിവംഗതയായ കാർത്യായനി. മക്കൾ : ശോഭന കെ. (അസിസ്റ്റന്റ്, പബ്ലിക്കേഷൻസ് കൗണ്ടർ, ശാന്തിഗിരി ആശ്രമം), കോമളവല്ലി കെ, അഴകേശൻ കെ.. മരുമക്കൾ : ശശിധരൻ കെ. (റിസർച്ച് സോൺ കാന്റീൻ), ദിവംഗതനായ മുരുകാനന്ദൻ, ശാന്ത.



സുരേന്ദ്രൻ പി.ആർ.

**ചേർത്തല :** എഴുപുന്ന തെക്ക് വാലയിൽ വീട്ടിൽ സുരേന്ദ്രൻ പി.ആർ. (60) ജൂൺ 19ന് ദിവംഗതനായി. സംസ്കാരം നടന്നു.

ആശ്രമം മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിലും ശാന്തിഗിരി മധുരം ബേക്കറിയിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ:ശാന്ത സുരേന്ദ്രൻ. മക്കൾ : ജനമിത്രൻ (സീനിയർ എക്സിക്യൂട്ടീവ്, ഓഫീസ് ഓഫ് ദി ജനറൽ സെക്രട്ടറി), സൂരജ്.



അന്തർദേശീയ യോഗ ദിനാചരണത്തോടനുബന്ധിച്ച് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ നടന്ന യോഗപ്രദർശനത്തിൽ നിന്ന്

# ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ അന്തരാഷ്ട്ര യോഗദിനം ആചരിച്ചു

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ എൻ.എസ്.എസ് യൂണിറ്റിന്റേയും സിദ്ധ മരുത്വം മൂലതത്വം ഡിപ്പാർട്ട്മെന്റിന്റെയും ആഭിമുഖ്യത്തിൽ അഞ്ചാമത് അന്താരാഷ്ട്ര യോഗദിനം ആചരിച്ചു. യോഗ ദിനാചരണ പരിപാടികളുടെ ഉദ്ഘാടനം ശാന്തിഗിരി ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി നിർവഹിച്ചു. ഭാരതത്തിന്റെ നഷ്ടപ്പെട്ടുപോയ മഹത്വം തിരികെ ലഭിച്ചതിന് ഉദാഹരണമാണ് അന്താരാഷ്ട്ര യോഗ ദിനമെന്ന് സ്വാമി അഭിപ്രായപ്പെട്ടു. കോളേജ് പ്രിൻസിപ്പാൾ ഡോ.എ.വാസുകിദേവി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. കെ.ജഗന്നാഥൻ, ഡോ.പി. ഹരിഹരൻ, ഡോ.ഡി.രാജശേഖർ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ യോഗാചാര്യ പൗഡിക്കോണം കൃഷ്ണൻനായരെ ആദരിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ.കെ. നമശിവായം സ്വാഗതവും ഡോ. എസ്.പി. രാജലക്ഷ്മി കൃതജ്ഞതയും പറഞ്ഞു. യോഗ ദിനത്തിൽ രാവിലെ 7 മണിക്ക് യോഗ പ്രദർശനം നടന്നു. നൂറിലധികം വിദ്യാർത്ഥികളും അധ്യാപകരും ഇതിൽ പങ്കെടുത്തു. തുടർന്ന് വിദ്യാർത്ഥികളുടെ യോഗാഭ്യാസ പ്രദർശനവും ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ യോഗദിന പരിപാടികൾ ഒരാഴ്ചയോളം നീണ്ടു നിൽക്കുമെന്നും വരുംദിവസങ്ങളിൽ യോഗ സെമിനാർ, ഫ്ളാഷ് മോബ്, ക്വിസ് മത്സരം തുടങ്ങി പരിപാടികൾ സംഘടിപ്പിക്കുമെന്നും കോർഡിനേറ്റർ ഡോ.ആനി ജാസ്മിൻ സ്വപ്ന അറിയിച്ചു.



ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലെപ്മെന്റിന്റെ ആഭിമുഖ്യത്തിൽ ആശ്രമം സെക്യൂരിറ്റി ജീവനക്കാർക്ക് ഡോ.കെ.ആർ.എസ് നായർ പരിശീലനം നൽകുന്നു


TRIVANDRUM
TOPS & NIGHTIES
Ladies & Kids
Poolanathara, Santhigiri P.O
9446611030




# ഷോപ്പിംഗ്മാളിലെ പഴം പച്ചക്കറി വിഭാഗത്തിന് പുതിയ കൗണ്ടർ

**റിസർച്ച് സോൺ :** ശാന്തിഗിരി ഷോപ്പിംഗ്മാളിലെ പഴം, പച്ചക്കറി വിഭാഗം അവിടെയുള്ള മധുരം ബേക്കറിയുടെ സമീപത്തേക്ക് മാറ്റി. പുതിയ സ്ഥലത്ത് പഴങ്ങളുടേയും പച്ചക്കറികളുടേയും വിപുലമായ ശേഖരം ഒരുക്കിയിട്ടുണ്ട്. വാഴപ്പഴം, ആപ്പിൾ, മുന്തിരി, ഓറഞ്ച്, മാങ്ങ,മാതളം,പിയർ തുടങ്ങിയവ ലഭിക്കും.നല്ലയിനം നാടൻ പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും ആകർഷകമായ വിലക്കുറവിൽ ഇവിടെ കിട്ടും.



ഷോപ്പിംഗ് മാളിലെ നവീകരിച്ച പഴം പച്ചക്കറി കൗണ്ടർ

# 'ശ്രേഷ്ഠഭാരതം' റിയാലിറ്റി ഷോയിൽ ശാന്തിഗിരി വിദ്യാഭവനും

**തിരുവനന്തപുരം :** അമൃത ചാനൽ വിവിധ സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന 'ശ്രേഷ്ഠഭാരതം' റിയാലിറ്റി ഷോയിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ പങ്കെടുക്കും. മഹാഭാരതം, ഭാഗവതം ഇവ സംബന്ധിച്ചുള്ള വിവിധ റൗണ്ടുകൾ ഈ പരിപാടിയിൽ ഉണ്ടാകും. ജൂലൈ 1ന് തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വച്ചാണ് ഷൂട്ടിംഗ്.

# ഹെൽത്ത് കാർഡ് പുതുക്കാം

**കോലിയക്കോട് :** ജൂൺ 23,24 തീയതികളിൽ കോലിയക്കോട് സൊസൈറ്റി ഹാളിൽ ഹെൽത്ത് കാർഡ് പുതുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

ആവശ്യമുള്ളവർ നിലവിലെ ഹെൽത്ത് കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, 50 രൂപ എന്നിവ സഹിതം വരേണ്ടതാണ്.






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala